US PROFILES

ഗോപിനാഥ കുറുപ്പ്

emalayalee.com

ഭാരതീയ സംസ്കാരത്തിന്റെ കാവലാളാകുകയാണ് ലക്ഷ്യം: ഗോപിനാഥ കുറുപ്പ്

◉ മീട്ടു റഹ്മത്ത് കലാം

ന്യൂയോർക്കിലെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലെ നിറസാന്നിധ്യമാണ് കോട്ടയം സ്വദേശിയായ ഗോപിനാഥ കുറുപ്പ്. കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ) യുടെ ആരംഭകാലം മുതൽ സംഘടനയ്ക്കുവേണ്ടി അടിയുറച്ചുപ്രവർത്തിക്കുന്ന അദ്ദേഹം,ഇനി വരുന്ന ഇലക്ഷനിൽ കെഎച്ച്എൻഎയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുകയാണ്. നാട്ടിൽ കെ.എസ്.യു, ഐ.എൻ.ടി.യു.സി എന്നിവയിൽ പ്രവർത്തിച്ച പരിചയത്തോടൊപ്പം,ന്യൂയോർക്ക് ഹഡ്സൺ വാലി മലയാളി അസോസിയേഷൻ പ്രസിഡന്റ്,

മലയാളി അസോസിയേഷൻ ഓഫ് റോക്ലാൻഡ് കൗണ്ടി പ്രസിഡന്റ്,അവിഭക്ത ഫൊക്കാന കൺവൻഷൻ കൾച്ചറൽ ചെയർപേഴ്സൺ,ഫോമായുടെ ന്യൂയോർക്ക് റീജിയണൽ വൈസ്-പ്രസിഡന്റ്,ഇൻഡോ അമേരിക്കൻ ലയൺസ് ക്ലബ് പ്രസിഡന്റ്,ന്യൂയോർക്ക് നായർ ബെനലവലന്റ് അസോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിൽ അമേരിക്കൻ മലയാളി സംഘടനകളിൽ കഴിവ് തെളിയിച്ചതും മത്സരത്തിനിറങ്ങാൻ അദ്ദേഹം യോഗ്യനാണെന്ന് അടിവരയിടുന്നു.ഹൈന്ദവ സം

സ്കൃതിയിലേക്ക് അടുത്ത തലമുറയെ കൊണ്ടുവരുന്നതിനും അവരെ സനാതന ധർമ്മത്തിനും രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്കും ഉതകുന്ന ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനും സഹായിക്കുന്ന ആശയങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങളെക്കുറിച്ച് ഗോപിനാഥ കുറുപ്പ് ഇ-മലയാളിയോട് മനസ്സുതുറന്ന് സംസാരിക്കുന്നു...

കേരളത്തിലെ ആദ്യകാല ജീവിതം ഓർത്തെടുക്കുമ്പോൾ?

കോട്ടയം പുതുപ്പള്ളി തോട്ടയ്ക്കാട് ഗ്രാമത്തിന്റെ എല്ലാ നന്മകളും ആസ്വദിച്ചാണ് വളർന്നുവന്നത്. അച്ഛൻ ശിവരാമപ്പണിക്കരുടെയും അമ്മ സാവിത്രിയമ്മയുടെയും കുടുംബം അദ്ധ്യാപക പാരമ്പര്യമുള്ളതാണ്.

നാട്ടിൽ മിക്കവർക്ക് അക്ഷരം ചൊല്ലിക്കൊടുത്തിരുന്നത് പാർവ്വതിയമ്മ എന്നു പേരുള്ള അച്ഛന്റെ മൂത്തസഹോദരിയാണ്. ആശാട്ടിയമ്മ എന്നാണ് ഞങ്ങൾ വിളിക്കുന്നത്. പാർവ്വതിയമ്മ തോട്ടയ്ക്കാട് എന്നുപറഞ്ഞാൽ അറിയാത്തവരില്ല. അടുത്തിടെ നൂറു വയസുകഴിഞ്ഞ 'ആശാട്ടിയമ്മയെക്കുറിച്ച്' പത്രങ്ങളിൽ വാർത്ത വന്നിരുന്നു. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നത് കുട്ടിക്കാലം മുതൽ മനസ്സിൽ പതിഞ്ഞതാണ്. സെന്റ് തോമസ് ഹൈസ്കൂളിലെ പഠനത്തിന് ശേഷം പാലാ സെന്റ് തോമസ് കോളജിൽ ബി.കോമിന് ചേർന്നു. കലാലയ കാലയളവിൽ കെ.എസ്.യു വിന്റെ സജീവപ്രവർത്തകനായിരുന്നു. പാലക്കാട് ഇൻസ്ട്രമെന്റേഷൻ ലിമിറ്റഡിൽ അക്കൗണ്ടന്റായി ജോലി ലഭിച്ചു. കേന്ദ്ര ഗവൺമെന്റിന് കീഴിലായിരുന്നു ആ സ്ഥാപനം പ്രവർത്തിച്ചിരുന്നത്. ആ സമയത്താണ് ഐഎൻടിയുസി യിൽ സജീവമായത്. കെ.ശങ്കരനാരായണൻ ഐഎൻടിയുസി പ്രസിഡന്റ് ആയിരിക്കെ വൈസ്-പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാൻ അവസരം ലഭിച്ചത് പിന്നീടുള്ള സംഘടനാപ്രവർത്തനങ്ങളിൽ ഏറെ ഗുണം ചെയ്തിട്ടുണ്ട്.

അമേരിക്കയിലേക്കുള്ള കൂടുമാറ്റം എളുപ്പമായിരുന്നോ?

1984 ലാണ് അമേരിക്കയിൽ എത്തുന്നത്. ആദ്യമൊക്കെ ഏറെ ക്ലേശങ്ങൾ നേരിട്ടു. വെസ്റ്റ് ചെസ്റ്റർ കൗണ്ടിയുടെ പൊതുപരീക്ഷ എഴുതിയാണ് ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി ജോലി ലഭിച്ചത്. ഹോസ്പിറ്റലിലെ യൂണിയൻ കാര്യങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു. പിന്നീട് പൾമണറിയിൽ അസോസിയേറ്റ് ഡിഗ്രി എടുത്തു. അതേ ഹോസ്പിറ്റലിൽ പൾമണറി ഡിപ്പാർട്മെന്റിലാണ് ജോലി ചെയ്തിരുന്നത്.

വോളണ്ടറി റിട്ടയർമെന്റ് എടുക്കാനുള്ള കാരണം?

വിരമിക്കാൻ മൂന്നുവർഷം ബാക്കി നിൽക്കെ മാതാപിതാക്കൾക്ക് സുഖമില്ലാതെ വന്നു. അവരെ ശുശ്രൂഷിക്കാൻ വോളണ്ടറി റിട്ടയർമെന്റ് എടുത്ത് നാട്ടിൽ വന്നു. അപ്പോഴാണ് 'നവയോഗ ആയുർവേദ' എന്ന പേരിൽ ഒരു ചികിത്സാകേന്ദ്രം ആരംഭിച്ചത്.

എന്തൊക്കെയാണ് നവയോഗ ചികിത്സാകേന്ദ്രത്തിന്റെ പ്രത്യേകതകൾ?

പാരമ്പര്യ തിരുമ്മുചികിത്സയാണ് പ്രധാനമായും ചെയ്യുന്നത്. നാലേക്കർ സ്ഥലവും വീടും നാട്ടുകാർക്കുകൂടി പ്രയോജനപ്പെടുത്താം എന്ന് കരുതിയാണ് ഒരു ട്രസ്റ്റ് രൂപീകരിച്ച് ചികിത്സാകേന്ദ്രത്തിന് തുടക്കം കുറിച്ചത്. ആയുർവേദ സസ്യങ്ങളും മറ്റും നട്ടുപിടിപ്പിച്ച്,അതിൽനിന്നാണ് മരുന്നുണ്ടാക്കുന്നത്. സുഖചികിത്സയ്ക്കായി കേരളത്തിനകത്തുനിന്നും പുറത്തുനിന്നും ധാരാളം ആളുകൾ വന്നെത്തുന്നുണ്ട്. ഡോ.അരുൺകൃഷ്ണയാണ് അഡ്മിനിസ്ട്രേറ്റർ. നവയോഗയെ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിൽ അദ്ദേഹത്തിന്റെ സേവനപരത എടുത്തുപറയേണ്ടതാണ്. യോഗയും മെഡിറ്റേഷനും സൗജന്യമായി അഭ്യസിക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. മുതിർന്നവരും കുട്ടികളും യോഗ പ്രാക്ടീസ് ചെയ്യാൻ എത്തുന്നുണ്ട്. 'കാശ്മീരശൈവശം' എന്ന അപൂർവമായ ധ്യാനമാർഗ്ഗത്തിൽ പരിശീലനം നൽകുന്നത് കാണക്കാരിയിലുള്ള ലെനിൻ എന്ന ഗുരുനാഥനാണ്. അദ്ദേഹം ഹിന്ദുമതം സ്വീകരിച്ചു. ഇപ്പോൾ ശംഭുനാഥ് എന്നാണ് പേര്.

പാരമ്പര്യ വൈദ്യത്തോട് പ്രതിപത്തി തോന്നാൻ സ്വാനുഭവം സ്വാധീനിച്ചിട്ടുണ്ടോ?

തൊണ്ണൂറുകളുടെ തുടക്കത്തിൽ അമേരിക്കയിൽ വച്ച് എനിക്കൊരു വാഹനാപകടം ഉണ്ടായി. എല്ലുപൊട്ടി എട്ടൊമ്പത് ദിവസം ഐസിയു

വിലായിരുന്നു. ഫിസിയോതെറാപ്പി അടക്കം പലതും ചെയ്തിട്ടും ആ വേദന ഒഴിയാബാധയായി തുടർന്നു. ഒരു സുഹൃത്ത് പറഞ്ഞതനുസരിച്ച് കൊല്ലത്തുള്ള പാരമ്പര്യവൈദ്യരെ ചെന്നുകണ്ടു. കണ്ണൻ വൈദ്യർ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. വൈദ്യരുടെ തൈലം പുരട്ടിയുള്ള തിരുമ്മൽകൊണ്ട് വർഷങ്ങളോളം ഞാൻ കൊണ്ടുനടന്ന വേദന ശമിച്ചു. കുഞ്ഞുനാൾമുതൽ ആയുർവേദത്തിൽ വിശ്വാസമുണ്ടെങ്കിലും അത് ഊട്ടി ഉറപ്പിച്ചത് ഈ അനുഭവമാണ്. ആ തൈലം വിപണിയിൽ എത്തിക്കാനായിരുന്നു ആദ്യ പദ്ധതി. കോവിഡ് മൂലം അതിന് പ്രതിബന്ധം നേരിട്ടതോടെയാണ് പാരമ്പര്യ ചികിത്സാകേന്ദ്രം എന്ന ആശയമുദിച്ചത്.

സംഘടനാപ്രവർത്തനങ്ങളിൽ സംതൃപ്തി തോന്നിയ അനുഭവങ്ങൾ?

മലയാളി അസോസിയേഷൻ ഓഫ് റോക്‌ലാൻഡ് കൗണ്ടിയുടെ പ്രസിഡന്റായിരിക്കെ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ അമേരിക്കയിലും കേരളത്തിലും ചെയ്യാൻ സാധിച്ചു. പാലായിലെ പൈക കണ്ണാശുപത്രിയിൽ തിമിരം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ടിട്ട് ശസ്ത്രക്രിയ നടത്താൻ സാമ്പത്തികം ഇല്ലാതിരുന്ന അനേകർക്ക് സർജറിക്ക് ആവശ്യമായ പണം സ്വരൂപിച്ച് നൽകിയതാണ് ഏറെ സംതൃപ്തി തോന്നിയ ഒരനുഭവം. ഫാ.ഡേവിസ് ചിറമ്മേലിന്റെ കിഡ്നി ഫൗണ്ടേഷനിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും ഡയാലിസിസിനും ധനസഹായം നൽകാൻ സാധിച്ചതിലും ചാരിതാർത്ഥ്യമുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തെ പിന്തുണയ്ക്കാൻ സ്കോളർഷിപ്പ് പോലുള്ള പദ്ധതികളും നടപ്പാക്കാൻ കഴിഞ്ഞു.ഫോമാ എമ്പയർ റീജിയണൽ വൈസ് - പ്രസിഡന്റ് ആയിരിക്കുമ്പോൾ പ്രളയ കെടുതിയിൽ ദുരിതമനുഭവിച്ചവർക്ക് മാന്നാറിലെ കടപ്രയിൽ വെള്ളപ്പൊക്കത്തെ അതിജീവിക്കുവാനുള്ള വീടുകൾ പണിതു നൽകുന്നതിന് കേരളാ ഗവണ്മെന്റുമായി സഹകരിച്ചു പ്രവർത്തിക്കാൻ ലഭിച്ച അവസരവും മനസ്സുനിറച്ച അനുഭവമാണ്. തോമസ് കൂവള്ളൂറിനൊപ്പം 'ജസ്റ്റിസ് ഫോർ ഓൾ' എന്ന സംഘടനയുടെ ഡയറക്ടറായി പ്രവർത്തിച്ച സമയത്ത്, അന്നത്തെ വിദേശകാര്യ മന്ത്രി സുഷമ സ്വരാജിന് സുരേഷ് ഗോപി എം.പിയുടെ സഹായത്തോടെ പ്രവാസികളുടെ ആധാർ കാർഡും പാൻ കാർഡും ബന്ധിപ്പിച്ചുകൊണ്ട് ഒസിഐ കാർഡ് ഐഡന്റിഫിക്കേഷൻ രേഖയായി പരിഗണിക്കണമെന്ന നിർദ്ദേശം വയ്ക്കുകയും അത് നടപ്പിലാക്കികൊണ്ടിരിക്കയും ചെയ്യുന്നു എന്നതും അഭിമാനകരമായ നേട്ടമായി കാണുന്നു.ഞാൻ ന്യൂയോർക്കിൽ അയ്യപ്പ സേവാസം

ഘത്തിന്റെയും എൻബിഎ -യുടെയും പ്രസിഡന്റായി വന്ന ശേഷമാണ് മണ്ണടി ഹരിയുടെ നേതൃത്വത്തിൽ ആദ്യമായി ഭാഗവത സപ്താഹം, വിവിധ ഹൈന്ദവ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് വിജയകരമായി നടത്തിയത്. ഹൈന്ദവ ഐക്യം സാധ്യമാക്കാൻ ഇതിലൂടെ കഴിഞ്ഞു. നീലകണ്ഠതീർത്ഥപാദാശ്രമത്തിന്റെ 'സനാതന ധർമ്മ സേവന' പുരസ്കാരം ലഭിച്ചതും വലിയൊരു അംഗീകാരമായി കണക്കാക്കുന്നു.

കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ)യുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ തീരുമാനിച്ചതിന്റെ കാരണം?

കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക എന്ന സംഘടന 2000- ത്തിലാണ് ആരംഭിച്ചത്. അന്നുമുതൽ അതിലെ അംഗമാണ്. 2007 ൽ വെങ്കിട്ട ശർമ്മ പ്രസിഡന്റ് ആയിരിക്കെ ന്യൂയോർക്കിൽ വച്ചുനടന്ന കൺവൻഷനിൽ ഞാനായിരുന്നു കൺവൻഷൻ ചെയർമാൻ. നിലവിൽ ട്രസ്റ്റി ബോർഡ് അംഗമാണ്. 18 വർഷത്തിനുശേഷം വീണ്ടും ന്യൂയോർക്കിലേക്ക് ഒരു കൺവൻഷൻ സംജാതമാകണമെന്ന ആവശ്യം ഞാനാണ് മുന്നോട്ടുവച്ചത്. സിൽവർ ജൂബിലി ആഘോഷം എന്നതുകൊണ്ട് ഏറെ പ്രതീക്ഷയോടെയാണ് അതിലേക്ക് ഉറ്റുനോക്കുന്നത്. ജോലിയിൽ നിന്ന് വിരമിച്ചതുകൊണ്ട് മുഴുവൻ സമയ പൊതുപ്രവർത്തനം സാധ്യമാണെന്ന ആത്മവിശ്വാസമാണ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ ധൈര്യം പകർന്നത്.

താങ്കൾ കെഎച്ച്എൻഎ യുടെ പ്രസിഡന്റായാൽ പ്രധാനമായും ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ?

കെഎച്ച്എൻഎ യുടെ നിലവിലുള്ള കർമ്മപദ്ധതികൾ പിന്തുടരുന്നതോടൊപ്പം, പുതുതലമുറയിൽ സനാതന ധർമ്മത്തെക്കുറിച്ചും സാമൂഹിക മൂല്യങ്ങളെപ്പറ്റിയും കൃത്യമായ ദിശാബോധം നൽകാനാണ് ഉദ്ദേശിക്കുന്നത്. രാഷ്ട്രത്തിനും സമുദായത്തിനും ഉതകുന്ന പൗരന്മാരായി അവർ മാറണം.നമ്മുടെ സംസ്കാരവും പൈതൃകവും

നിലനിർത്തണം എന്നുള്ളതും ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്ന ഒന്നാണ്.മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ട് യുവജനങ്ങളെ സംഘടനയിലേക്ക് ആകർഷിക്കാൻ ശ്രമിക്കും. കുടുംബബന്ധങ്ങൾക്ക് നമ്മൾ കല്പിക്കുന്ന വില, അടുത്ത തലമുറയും കണ്ടുപഠിക്കാൻ അവസരം ഒരുക്കാനും ആഗ്രഹമുണ്ട്.

ഗണപതി മിത്ത് ആണെന്നുള്ള സ്പീക്കർ ഷംസീറിന്റെ പ്രസ്താവനയ്ക്ക് പ്രതിഷേധവുമായി രംഗത്തുവന്നിരുന്നല്ലോ?

മതസ്പർദ്ധ സാംസ്കാരിക അഭിവൃദ്ധിയുള്ള ജനവിഭാഗത്തിന് ഭൂഷണമല്ല. മതം എന്ന വാക്കിന്റെ അർത്ഥം അഭിപ്രായം എന്നാണ്. 'മമ മത:'എന്നാണ് ശ്രീകൃഷ്ണൻ അർജ്ജുനനോട് പറഞ്ഞത്.ഇതാണ് എന്റെ അഭിപ്രായം, അതിനോട് യോജിക്കുന്നെങ്കിൽ സ്വീകരിക്കാം ഇല്ലെങ്കിൽ വിട്ടേക്കൂ എന്ന സ്വാതന്ത്ര്യമാണ് കൃഷ്ണന്റെ

വാക്കുകളിലുള്ളത്. ആർക്കുമേലും ഒന്നും അടിച്ചേൽപ്പിക്കുന്നില്ലെന്നതാണ് അതിന്റെ ശ്രേഷ്ഠത. മനസ്സിനോട് വിശദീകരണം തേടിയ ശേഷം ശരിയെന്ന് തോന്നുന്നത് തിരഞ്ഞെടുക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ആരുടേയും വിശ്വാസങ്ങളെ കുറച്ചുകാണരുത് എന്നാണ് ഹിന്ദുമതം പഠിപ്പിക്കുന്നത്.

emalayalee.com

വെജിറ്റേറിയനിസം പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങൾ എഴുതാറുണ്ടല്ലോ?

സസ്യാഹാരി ആയതിന്റെ മെച്ചം എന്റെ ശരീരത്തിനുണ്ട്. അതുകൊണ്ടുതന്നെ വെജിറ്റേറിയനിസം പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ മാംസാഹാരം അധികവും 'ഫ്രോസൺ' രൂപത്തിലാണ് ലഭിക്കുന്നത്. പഴകിയ ഇറച്ചി കഴിക്കുന്നതിലൂടെ പലവിധ രോഗങ്ങൾ ഉണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.ഭക്ഷണരീതിയാണ് ഒരു പരിധി വരെ വ്യക്തിയുടെ ആരോഗ്യത്തിനും അനാരോഗ്യത്തിനുമുള്ള ഹേതു. ഭക്ഷണശീലങ്ങൾ നമ്മുടെ പ്രവർത്തിയെപ്പോലും ബാധിക്കും. സസ്യാഹാരം ശീലിച്ചാൽ സാത്വിക ഗുണം ഉണ്ടാകും.മാംസാഹാരികൾ രാജസപ്രിയരാണ്.അധികമായി കഴിക്കുന്നവരെക്കുറിച്ചാണ് പറയുന്നത്. ഇക്കൂട്ടർക്ക് ശൗര്യം കൂടുതലായിരിക്കും. പഴയതും പുളിച്ചതും കഴിക്കുന്നവരാണ് താമസപ്രിയർ എന്ന വിഭാഗത്തിൽ പെടുന്നത്.അവർക്കെപ്പോഴും അലസ മനോഭാവമായിരിക്കും.

കുടുംബം?

ഭാര്യയും രണ്ടാണ്മക്കളും രണ്ടു പെൺമക്കളും അടങ്ങുന്ന സന്തുഷ്ടമായ കുടുംബം. മക്കൾ അമേരിക്കയിൽ തന്നെ ജനിച്ചുവളർന്നവരാണ്. ഭാര്യ ഓമന റേഡിയോളജിസ്റ്റാണ്.

മൂത്ത മകൻ ഹരിദാസ് ന്യൂയോർക്ക് സ്റ്റേറ്റിൽ ജോലി ചെയ്യുന്നു. മൂത്ത മകൾ ശ്രീപ്രിയയ്ക്ക് കണക്ടിക്കട്ടിൽ ഫാർമസി രംഗത്താണ് ജോലി. ഇളയമകൾ ദേവിപ്രിയ ബി.എസ്.സി ബയോളജി പൂർത്തിയാക്കി.ഇളയ മകൻ ജയനാഥ് അടുത്ത വർഷം പൈലറ്റായി ഗ്രാജുവേറ്റ് ചെയ്യും.

ഭാവിപരിപാടികൾ?

മക്കൾ വിദേശത്തേക്ക് പറക്കുന്നതോടെ ഒറ്റയ്ക്ക് കഴിയേണ്ടി വരുന്ന മാതാപിതാക്കളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചുവരികയാണ്. അതുകൊണ്ടുതന്നെ, അമേരിക്കയിലെ നഴ്സിംഗ് ഹോമുകൾക്ക് തത്തുല്യമായ വയോജന പരിപാലന കേന്ദ്രങ്ങൾ കേരളത്തിൽ ഉണ്ടാകേണ്ടതാണ്. അങ്ങനൊരു സ്ഥാപനം കേരളത്തിലും അമേരിക്കയിലും തുടങ്ങണമെന്നുണ്ട് .വാർദ്ധക്യം എല്ലാവരും കടന്നുപോകേണ്ട ഒരു അവസ്ഥയാണ്. നാളെ നമ്മളും വൃദ്ധരാകും. പ്രായാധിക്യത്തിന്റെ പേരിൽ ആരും ഒറ്റപ്പെടരുതെന്നും കയ്യൊഴിയപ്പെടരുതെന്നുമാണ് ഞാൻ കരുതുന്നത്.